പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 143 | 12-10-2026-ൽ മറുപടിയ്ക്ക്

**കോഴിക്കോട് നഗരത്തിലെ ദേവസ്വം ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു | ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിലെ ദേവസ്വം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളുടെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഉത്സവാഘോഷങ്ങളിൽ പാലിക്കേണ്ട വൈദ്യുത സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിനും, ആരാധനാലയങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും ഉറപ്പാക്കുന്നതിനും, മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിവിധ സർക്കുലറുകളിലായി മലബാർ ദേവസ്വം കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് അയ്യപ്പ ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ബോർഡ് തീർത്ഥാടന കാലയളവിൽ നൽകിവരാറുണ്ട്. മേൽ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കോഴിക്കോട് നഗരത്തിൽ ഉൾപ്പെടെ മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ദേവസ്വം ക്ഷേത്രങ്ങളിൽ കുടിവെള്ളം, ശുചിമുറി, വിശ്രമകേന്ദ്രം, വാഹന പാർക്കിംഗ്, നടപ്പാത തുടങ്ങിയ സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഈ വിഷയത്തിൽ പ്രത്യേക പഠനം നടത്തിയിട്ടില്ല. ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്ഷേത്രഭരണാധികാരികൾ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനുമതി നൽകിവരികയാണ് ചെയ്യുന്നത്. നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

**(സി)** പ്രസ്തുത ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണ്;ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക,നിലവിലെ പുരോഗതി, നിർവഹണ ഏജൻസി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**